**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 374** **16-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർക്ക് എതിരെയുള്ള ആരോപണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ചുമതല വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടറെ കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിയിൽ (കെ.എസ്.ആർ.ആർ.ഡി.എ.) എംപവേർഡ് ഓഫീസറായി സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ചുമതല വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടറെ കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിയിൽ (കെ.എസ്.ആർ.ആർ.ഡി.എ) എംപവേർഡ് ഓഫീസറായി 26-06-2025-ലെ സ.ഉ.(സാധാ) നം.1596/2025/LSGD ഉത്തരവ് പ്രകാരം സ്ഥലംമാറ്റി നിയമിച്ചിരുന്നു. |
| (ബി) | അഡീഷണൽ ഡയറക്ടർ തസ്തികയിൽ ടിയാൻ എത്ര വർഷം സേവനം അനുഷ്ഠിച്ചിരുന്നുവെന്നും ടിയാനെതിരെ എന്തൊക്കെ ആരോപണങ്ങളാണ് ഉണ്ടായിരുന്നതെന്നും ജീവനക്കാരുടെ സ്ഥലം മാറ്റത്തിലും മറ്റും ഇദ്ദേഹം അനുവർത്തിച്ച നയം ജീവനക്കാരെ ദ്രോഹിക്കുന്ന രീതിയിൽ ആയിരുന്നു എന്നുള്ളതുമായ ആരോപണങ്ങൾ പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതു സ്ഥലംമാറ്റ സോഫ്റ്റ് വെയറിലെ incumbency പ്രകാരം 01-01-2017 മുതൽ ടിയാൻ അഡീഷണൽ ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നു.<br><br>തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സ് ബുക്കിൽ തിരിമറി കാട്ടിയെന്നും, വ്യാജരേഖകൾ ചമച്ച് തെരുവ് വിളക്കുകൾ സ്ഥാപിച്ചതും, പരിപാലിച്ചതും അറ്റകുറ്റ പണികൾ നടത്തിയത് സംബന്ധിച്ചതുമായ രജിസ്റ്റർ പരിപാലിക്കാതെയും അനധികൃതമായി വൻസാമ്പത്തികനേട്ടം ഉണ്ടാക്കിയതായും ഉള്ള പരാതിക്ക് വേണ്ടത്ര പരിഗണന നൽകിയില്ല എന്നുള്ള ആരോപണമാണ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർക്കെതിരെ ഉള്ളതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാനെതിരെയുള്ള മറ്റു ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആരോപണ വിധേയനായ ഇദ്ദേഹത്തെ എംപവേർഡ് ഓഫീസർ തസ്തികയിൽ നിന്നും വിജിലൻസ് വിഭാഗത്തിന്റെ ചുമതലക്കാരനായി | (സി) | വകുപ്പധ്യക്ഷനായ പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ടിയാനെ എംപവേർഡ് ഓഫീസർ തസ്തികയിൽ നിന്നും |

| | | | |
|---|---|---|---|
| | മാറ്റി നിയമിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; സർക്കാർ ഈ നടപടി പുന:പരിശോധിക്കുമോ; | | വിജിലൻസ് വിഭാഗത്തിന്റെ ചുമതലക്കാരനായി 26-07-2025-ലെ സ.ഉ.(സാധാ) നം.1837/2025/LSGD ഉത്തരവ് പ്രകാരം സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത് . ഈ നടപടി പുനഃ പരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | മുൻ പഞ്ചായത്ത് വകുപ്പിൽ ഇദ്ദേഹം എത്ര വർഷം അഡീഷണൽ ഡയറക്ടർ കേഡറിൽ വിജിലൻസ് ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | 01-04-2017 മുതൽ, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായ ശേഷം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ വിവിധ സെക്ഷനുകളിലെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയ 29-04-2023 വരെ ടിയാൻ അഡീഷണൽ ഡയറക്ടർ കേഡറിൽ വിജിലൻസിന്റെ ചുമതലയുള്ള തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (ഇ) | ഇക്കാലയളവിൽ മതിയായ കാരണമില്ലാതെ ടിയാൻ ജീവനക്കാരെ സസ്പെൻഡ് ചെയ്തതായും ഇൻക്രിമെന്റ് ബാർ ചെയ്തതായുമുള്ള സ്ഥിരം ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നുവോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | നിരവധി വർഷം ഒരേ തസ്തികയിൽ ജോലി ചെയ്തിരുന്ന വ്യക്തിയെ സ്ഥലം മാറ്റിയിട്ട് വീണ്ടും അവിടെ തന്നെ നിയമിച്ച നടപടി സർക്കാർ പുന:പരിശോധിക്കുമോ; | (എഫ്) | പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ചുമതല വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടറെ സ്ഥലംമാറ്റിയ ശേഷം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) തസ്തികയിലേക്കാണ് വീണ്ടും സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത്. |
| (ജി) | സർക്കാർ സർവീസിലെ ഇദ്ദേഹത്തിന്റെ പ്രവർത്തന മികവ് എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ; വിശദവിവരം നൽകുമോ ? | (ജി) | ടിയാനെതിരെ വകുപ്പുതല / വിജിലൻസ് അന്വേഷണമോ അച്ചടക്കനടപടികളോ ഇല്ല എന്നുള്ളത് ഉറപ്പുവരുത്തി , വകുപ്പദ്ധ്യക്ഷൻ ലഭ്യമാക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കാലാകാലങ്ങളിൽ സ്ഥാനക്കയറ്റം നല്കിവന്നിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ